## 4.1 b

## (i) ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി പാലക്കാട് - ഘടനയുടെയും ചുമതലകളുടെയും, കർത്തവ്യങ്ങളുടെയും വിവരങ്ങൾ

പാലക്കാട് ജില്ലയിലെ ക്രിമിനൽ മജിസ്ട്രേറ്റ് കോടതികളുടെ മേലാപ്പീസായി പ്രവർത്തിക്കുന്നു. ബഹു. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റാണ് തലവൻ. അദ്ദേഹത്തിന് കീഴിൽ ശിരസ്തദാർ തുടർന്ന് സീനിയർ സൂപ്രണ്ട് എന്നീ ഔദ്യോഗിക പദവികൾ ഭരണ നിർവ്വഹണ കാര്യങ്ങൾക്കായി പ്രവർത്തിക്കുന്നു. 1 ബെഞ്ച് ക്ലാർക്ക് ഗ്രേഡ് - II, 1 അക്കൗണ്ടന്റ് , 6 ക്ലാർക്കുമാർ, 3 ടൈപ്പിസ്റ്റുകൾ, 5 ഓഫീസ് അറ്റന്റഡന്റുമാർ, ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഒരു ഡ്രൈവർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകൾ നിലവിൽ ഉണ്ട്.

ടൗൺ നോർത്ത്, ടൗൺ സൗത്ത്, ടൗൺ ട്രാഫിക്ക് പോലീസ് സ്റ്റേഷനുകളിലെ ഫസ്റ്റ് ക്ലാസ് കുറ്റ കൃത്യങ്ങളും മറ്റ് ഇന്ത്യൻ ശിക്ഷാനിയമത്തിലും സംസ്ഥാന പ്രാദേശിക നിയമത്തിന്റെ പരിധിയിലും ഉൾപ്പെടുന്നതുമായ കേസുകളും കൈകാര്യം ചെയ്യുന്നു. ജില്ലയിലെ മജിസ്ട്രേറ്റ് കോടതികളിലെ ജീവനക്കാരുടെ നിയമനങ്ങളും മറ്റു സർവ്വീസ് കാര്യങ്ങളും നിർവ്വഹിക്കുന്നു.

ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശങ്ങളും രാജ്യത്തിലെ നിയമ നിർവ്വഹണ സംവിധാനത്തിനനുസൃതമായ നിർദ്ദേശങ്ങളും നിർവ്വഹിച്ചു വരുന്നു.

## (ii) ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും അധികാരങ്ങളും കർത്തവ്യങ്ങളും

മാനുവൽ ഓഫ് ഓഫീസ് പ്രൊസിജീയർസ്, KSR, KSSSR, KJMSSR, KFC, KTC കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾ ബഹു കേരള ഹൈക്കോടതിയുടെ സർക്കുലറുകൾ എന്നിവക്കനുസൃതമായി കർത്തവ്യങ്ങൾ നിർവഹിക്കുന്നു.

## (iii) തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ :

കോടതിയുടെ പരിഗണനയ്ക്കു വരുന്ന എല്ലാ വിഷയങ്ങളും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കാണുകയും അതിൻമേൽ സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. അതനുസരിച്ച് അതാത് വിഭാഗത്തിന്റെ ചുമതലയുള്ള ജീവനക്കാർ ഫയലുകൾ തയ്യാറാക്കി സീനിയർ സൂപ്രണ്ട്, ശിരസ്തദാർ എന്നിവരുടെ അംഗീകാരത്തിനു ശേഷം

ജുഡീഷ്യൽ അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് തലത്തിലുള്ള തുടർ നടപടികൾ നടത്തുകയും അന്തിമമായി ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് അതിൽ തീർപ്പു കൽപ്പിക്കുകയും ചെയ്യുന്നു.

**(iv) കോടതിയുടെ ചുമതലുകൾ നിറവേറ്റുന്നതിനായി രൂപം നൽകിയ മാനദണ്ഡങ്ങൾ**

കോടതിയുടെ ചുമതലകൾ നിറവേറ്റുന്നതിനായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെയും, കേരള സർക്കാരിന്റെയും നിർദ്ദേശാനുസരണം നിലവിലുള്ളതും നിലവിൽ വരുന്നതുമായ എല്ലാ മാനദണ്ഡങ്ങളും മേധാവിയുടെ മേൽ നോട്ടത്തിൽ അനുവർത്തിച്ചു വരുന്നു.

**(v) കോടതിയുടെ ചുമതലകൾ നിറവേറ്റുന്നതിനായി ജീവനക്കാർ അവലംബിക്കുന്നതായ ചട്ടങ്ങളും റെഗുലേഷനുകളും, നിർദ്ദേശങ്ങളും മാന്വലുകളും**

1) ക്രിമിനൽ നടപടിക്രമം
2) ക്രിമിനൽ റൂൾസ് ഓഫ് പ്രാക്റ്റീസ്
3) MOP
4 KSR
5) KSSSR
6) KJMSSR
7) ബഹു. കേരള ഹൈക്കോടതിയുടെ വിവിധ വിഷയങ്ങളിലുള്ള സർക്കുലറുകൾ
8) കേരള സർക്കാർ ഉത്തരവുകൾ
9) ഇന്ത്യൻ പീനൽ കോഡ് , സംസ്ഥാന പ്രാദേശിക നിയമങ്ങൾ ഉൾപ്പെടെയുള്ള ക്രിമിനൽ ചട്ടങ്ങൾ

**(vi) കോടതിയുടെ കൈവശത്തിലുള്ളതോ നിയന്ത്രണത്തിൻ കീഴലുള്ളതോ ആയ പ്രമാണങ്ങളുടെ തരം തിരിച്ച സ്റ്റേറ്റ്മെന്റ്**

i) കോടതിയുടെ പരിഗണനയ്ക്കു വരുന്ന കേസുകളുടെ രേഖകൾ.
ii) അതിൻമേൽ കൈകൊണ്ട നടപടിക്രമങ്ങളുടെ രേഖകൾ (നിയമാനുസരണം കോടതിയിൽ സൂക്ഷിക്കേണ്ട കാലയളവിൽ ഉൾപ്പെട്ടവ)
iii) ജീവനക്കാരുടെ സർവ്വീസ് രേഖകൾ.
iv) മറ്റ് ഭരണസംബന്ധമായ പ്രമാണങ്ങൾ (നിയമാനുസരണം കോടതിയിൽ സൂക്ഷിക്കേണ്ട കാലയളവിൽ ഉൾപ്പെട്ടവ)

**(vii) നയങ്ങൾ രൂപീക്കരിക്കുന്നതിനും അത് നടപ്പിലാക്കുന്നതിനും വേണ്ടി പൊതുജനങ്ങളുടെ വിദഗ്ധോപദേശത്തിനും പ്രാതിനിധ്യത്തിനും ഉള്ള വ്യവസ്ഥകൾ**

പൊതുജനങ്ങളുമായോ അവരുടെ പ്രതിനിധികളുമായോ വിദഗ്ധോപദേശത്തിനും പ്രാതിനിധ്യത്തിനും ഉള്ള വ്യവസ്ഥകൾ നിലവിലില്ല.

**(viii) ഈ കോടതിയിൽ നിലവിലുള്ള കമ്മിറ്റികൾ**

1) ഇന്റേണൽ കംപ്ലൈന്റ്സ് കമ്മിറ്റി കോൺസ്റ്റിറ്റ്യൂറ്റഡ് ആന്റ് ദി സെക്ഷ്വൽ ഹരാസ്മെന്റ് ഓഫ് വുമൺ അറ്റ് വർക്ക് പ്ലേസ് (പ്രിവെൻഷൻ പ്രോഹിബിഷൻ റിഡ്രസ്സൽ ആക്റ്റ് 2013)
2) കമ്മിറ്റി ടു മോണിറ്റർ ഗ്രീൻ പ്രോട്ടോകോൾ ഇംപ്ലിമെന്റേഷൻ.

**(ix) ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ഡയറക്ടറി**

| സീരിയൽ നമ്പർ | ഉദ്യോഗപ്പേര് | പേര് | ഫോൺ നം. |
|---|---|---|---|
| 1 | ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, പാലക്കാട് | സുബിത ചിറയ്ക്കൽ | 0491 2505420 |

**(x) ഉദ്യോസ്ഥരുടെയും ജീവനക്കാരുടെയും മാസവരുമാനം :**

കാലാകാലങ്ങളിലെ ശമ്പള പരിഷ്കരണ ഉത്തരവനുസരിച്ച് ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നു. ഈ കോടതിയിൽ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും അവരുടെ ശമ്പള നിരക്കും ഇതോടൊപ്പമുള്ള അനുബന്ധം A യിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**അനുബന്ധം A**

| Sl. No | Sanctioned Post | Sanctioned Strength | Scale of Pay | Allowance |
|---|---|---|---|---|
| 1 | Chief Judicial Magistrate | 1 | 39530 - 54010 | Spl. Pay – 2500/-<br>Medical – 1000/-<br>Sumptuary – 2300/-<br>Interim Relief - 13107/- |
| 2 | Sheristadar | 1 | 56500 - 118100 | |
| 3 | Senior Superintendent | 1 | 51400 - 110300 | |

| Sl. No | Sanctioned Post | Sanctioned Strength | Scale of Pay | Allowance |
|---|---|---|---|---|
| 4 | Bench Clerk Grade -II | 1 | 39300 - 83000 | |
| 5 | Accountant | 1 | 39300 - 83000 | |
| 6 | Clerk<br>Clerk (HG)<br>Senior Clerk | 2<br>1<br>3 | 26500 – 60700<br>27900 – 63700<br>35600 - 75400 | Special 250/- for two persons handling Record Section and Property Section |
| 7 | Confidential Assistant (Gr -I) | 1 | 39300 – 83000 | Special 660/- |
| 8 | Typist Selection Grade<br>U.D Typist<br>L.D Typist | 1<br>1<br>1 | 39300 – 83000<br>35600 – 75400<br>25600 - 60700 | |
| 9 | Office Attendant | 5 | 23000 - 50200 | Medical allowance of Rs. 100/- and Special allowance of Rs. 200/- each Office Attendant. Compensatory allowance of Rs. 110/- for one Office Attendant. |
| 10 | Driver Gr-I | 1 | 27900 - 63700 | Medical allowance of Rs. 100/-. |
| 11 | Part Time Sweeper | 1 | 13000 - 21080 | Conveyance allowance of Rs. 1000/-. |

**(xi) പദ്ധതി വിഹിതവും ചെലവുകളും :**

2021-2022 സാമ്പത്തിക വർഷത്തിലേയ്ക്ക് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നും ഈ കോടതിയിലേക്ക് അനുവദിച്ചിട്ടുള്ള തുകയും അവയുടെ 31.03.2022 വരെയുള്ള ചിലവുകളും ഉൾപ്പെടുന്ന വിവരം അനുബന്ധം B യിൽ ചേർത്തിയിട്ടുണ്ട്.

**അനുബന്ധം B**

| Head of Account | Description | Detailed Head | Budget Allocation (‘) from 01/04/2021 to 31/03/2022 |
|---|---|---|---|
| 2014-00-108-99-00-01-01-N-V | Salaries | Pay | 11245401 |
| 2014-00-108-99-00-01-02-N-V | Salaries | Dearness Allowance | 2829694 |

| Head of Account | Description | Detailed Head | Budget Allocation (‘) from 01/04/2021 to 31/03/2022 |
|---|---|---|---|
| 2014-00-108-99-00-01-03-N-V | Salaries | House Rent Allowance | 787831 |
| 2014-00-108-99-00-01-05-N-V | Salaries | Other Allowances | 394342 |
| 2014-00-108-99-00-02-01-N-V | Wages | Pay | 223670 |
| 2014-00-108-99-00-02-02-N-V | Wages | Dearness Allowance | 52130 |
| 2014-00-108-99-00-02-03-N-V | Wages | Other Allowance | 17700 |
| 2014-00-108-99-00-02-04-N-V | Wages | Consolidated pay | 300000 |
| 2014-00-108-99-00-02-05-N-V | Wages | Daily Wages | 4464699 |
| 2014-00-108-99-00-04-01-N-V | Travel Expenses | Tour TA | 54775 |
| 2014-00-108-99-00-04-02-N-V | Travel Expenses | Transfer TA | 44568 |
| 2014-00-108-99-00-05-01-N-V | Office Expenses | Water | 280 |
| 2014-00-108-99-00-05-02-N-V | Office Expenses | Electricity | 41689 |
| 2014-00-108-99-00-05-03-N-V | Office Expenses | Telephone Charges | 19319 |
| 2014-00-108-99-00-05-04-N-V | Office Expenses | Other Items | 84621 |
| 2014-00-108-99-00-34-03-N-V | Other Charges | Other Items | 16550 |
| 2014-00-108-99-00-45-00 -N-V | POL | POL | 19649 |
| 2014-00-108-99-00-99-00-N-V | Information Technology | - | 28848 |
| 2014-00-108-99-00-67-00-N-V | Basic amenities | Basic amenities | 126000 |

**(xii) ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ :**

ധനസഹായമോ സബ്സിഡിയോ ഉൾപ്പെടുന്ന പദ്ധതികളൊന്നും ഈ കോടതി മുഖാന്തിരം നടപ്പാക്കുന്നില്ല.

**(xiii) ആനുകൂല്യങ്ങൾ സ്വീകരിച്ചവരുടെ വിശദാംശങ്ങൾ :**

ബാധകമല്ല.

**(xiv) ഇലക്ട്രോണിക്ക് രൂപത്തിലേക്ക് മാറ്റപ്പെട്ട വിവരങ്ങളുടെ വിശദാംശങ്ങൾ :**

നിലവിലുള്ള കേസുകളുടെ വിശദാംശങ്ങൾ http.//districts.e.courts.gov.in/palakkad എന്ന website വിലാസത്തിലും e-courts services എന്ന മൊബൈൽ ആപ്പിലും ലഭ്യമാണ്. കോടതി പരിസരത്ത് സ്ഥാപിച്ചിട്ടുള്ള KIOSK സംവിധാനത്തിലൂടെയും കേസുകളുടെ വിശദാംശങ്ങൾ മനസ്സിലാക്കാവുന്നതാണ്.

**(xv) വായനശാലയും പൊതുജനങ്ങൾക്ക് അറിവുനേടുന്നതിനുള്ള സംവിധാനം :**

അത്തരം സംവിധാനങ്ങൾ ഒന്നും തന്നെ ഈ കോടതിയുടെ ഭാഗമായി പ്രവർത്തിക്കുന്നില്ല.

**(xvi) പൊതുവിവരാവകാശ ഓഫീസറുടെ പേരും തസ്തികയും മറ്റ് വിശദാംശങ്ങളും :**

പൊതുവിവരാകാശ ഓഫീസർ - സുനിൽകുമാർ. കെ.ജി
സീനിയർ സൂപ്രണ്ട്

അസിസ്റ്റന്റ് പൊതുവിവരാകാശ ഓഫീസർ - സരിതമോൾ. കെ
സീനിയർ ക്ലാർക്ക്

അപ്പലറ്റ് അതോറിറ്റി - മനു. കെ.പി,
ശിരസ്തദാർ,
ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി,
പാലക്കാട്.

**(xvii) കോടതിയുടെ പ്രവർത്തന സമയം:**

എല്ലാ സർക്കാർ പ്രവർത്തി ദിവസങ്ങളിലും കോടതി ഓഫീസ് പ്രവർത്തന സമയം കാലത്ത് 10 മണിമുതൽ വൈകീട്ട് 5 മണിവരെയും ഉച്ചഭക്ഷണത്തിനുള്ള സമയം 1.15 മണി മുതൽ 1.45 മണിവരെയും കോടതിയുടെ വിചാരണ സമയം കാലത്ത്

11 മണിമുതൽ ആണ് ആരംഭിക്കുന്നത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിഷ്കർഷിച്ചിട്ടുള്ള അവധി ദിവസങ്ങളിലും ഗവൺമെന്റ് കലണ്ടറിലെ അവധി ദിവസങ്ങളിലും കോടതി പ്രവർത്തിക്കുന്നതല്ല.

**കോടതിയുടെ വിലാസവും മറ്റ് വിവരങ്ങളും :**

ചീഫ് ജ്യുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി,
പാലക്കാട്. പിൻ - 678 001
ഫോൺ - 0491 2505420
e-mail: cjmpkd.jud@kerala.gov.in